# <u>വൈദ്യുതിച്ചൊല്ലുകൾ</u>

തയ്യാറാക്കിയത് : **ശ്രീലക്ഷ്മി. ബി,** ഏഴാം ക്ലാസ് - എ,
L.S.N. ഗേൾസ് ഹയർസെക്കന്ററി സ്കൂൾ, ഒറ്റപ്പാലം 679102,
പാലക്കാട്. ജില്ല.

വൈദ്യുതി ലാഭിച്ചാൽ രണ്ടുണ്ട് കാര്യം
കീശക്കു മിച്ചം; നാടിനു മെച്ചം.

നിറവുള്ള കാലത്ത് വൈദ്യുതി കരുതിയാൽ
കുറവുള്ള കാലത്ത് വൈദ്യുതി സമൃദ്ധം

വിത്തവും വൈദ്യുതിയും വൃഥാ കളയരുത്.
വൈദ്യുതി മിതവ്യയശീലം മഹദ്ശീലം
വൈദ്യുതി ധൂർത്ത് മഹാപരാധം

കിട്ടുന്ന കാലത്ത് വൈദ്യുതി കരുതിയാൽ
മുട്ടുള്ള കാലത്ത് വൈദ്യുതി സുഭിക്ഷം.

വൈദ്യുതി മിതവ്യയശീലം
മനുഷ്യനു മഹാഗുണം.

കറന്റും കാടും നാടിന്നീട്.

കറന്ററ്റ നാടും മരമറ്റ കാടും
നീരറ്റ നദിയും പേരറ്റ മനുഷ്യനും തുല്യം

വൈദ്യുതി ധൂർത്ത് വെടിഞ്ഞാൽ
വൈദ്യുതി ക്ഷാമം അകലെ

ഒരുമയുണ്ടെങ്കിൽ വൈദ്യുതി ക്ഷാമവും
ഒഴിവാക്കാം

കൊടുത്താൽ കൊല്ലത്തും കിട്ടും
കരുതാഞ്ഞാൽ കറന്റും മുട്ടും.

കറന്റ് കരുതി ഉപയോഗിച്ചാൽ
കറന്റുകട്ട് വേണ്ട.

തല മറന്ന് എണ്ണ തേയ്ക്കരുത്
നില മറന്ന് വൈദ്യുതി ഉപയോഗിക്കരുത്

വൈദ്യുതിയില്ലെങ്കിൽ വെളിച്ചമില്ല,
വ്യവസായവുമില്ല

വൈദ്യുതി മിതത്വം തന്നെ നാടിന്നഭ്യുന്നതി.

വൈദ്യുതി പാഴാക്കിയാൽ
നാടും വീടും പാഴാവും.

# വൈദ്യുതി മുദ്രാവാക്യങ്ങൾ

## വൈദ്യുതി സംരക്ഷണം നിങ്ങളുടെ വിരൽത്തുമ്പിൽ

വൈദ്യുതി ഇന്നത്തെ മിച്ചം നാളത്തെ വെളിച്ചം

വൈദ്യുതി ഇത്തിരി കരുതിയാൽ ഇല്ലായ്മ വരില്ല

വൈദ്യുതി ദുർവ്യയം കുറച്ചാൽ ദുർഭിക്ഷം അകറ്റാം

വൈദ്യുതി ഇന്നു കുറച്ചു ചെലവാക്കാം നാളെ കോരിച്ചെലവാക്കാം

വൈദ്യുതി ഇത്തിരി കരുതിയാൽ ഒത്തിരി നേട്ടം

ഇന്ന് ഒരു വിളക്ക് അണയ്ക്കൂ
നാളത്തെ ഇരുട്ട് അകറ്റൂ

വൈദ്യുതി ഉപഭോഗം കുറച്ചാൽ
വൈദ്യുതി ക്ഷാമം ഒഴിവാക്കാം

ഒത്തുപിടിക്കാം ഒരു വിളക്കണയ്ക്കാം
ഇത്തിരി കരുതാം നാളേയ്ക്ക്

സ്വിച്ചു കെടുത്താൻ മറക്കരുതേ
വൈദ്യുതി പാഴായ് കളയരുതേ

ഇന്ന് ഒരു വിളക്ക് കട്ടാക്കാം
നാളത്തെ കറന്റ് കട്ട് ഒഴിവാക്കാം

വൈദ്യുതി ധൂർത്ത് ഒഴിവാക്കി
വെളിച്ചമുള്ള രാത്രികളെ വരവേൽക്കൂ.

വൈദ്യുതി പാഴാക്കിയാൽ
നാട്ടിലും വീട്ടിലും ഇരുട്ട്.

വൈദ്യുതി മിതത്വം പാലിക്കാം
നാളേക്കൊരു കൈത്തിരിവെട്ടം കരുതാം

വൈദ്യുതി മിതവ്യയശീലൻ
നാടിന്റെ രക്ഷാപുരുഷൻ.

# വൈദ്യുതി മുദ്രാഗീതങ്ങൾ

## ഒരു സ്വിച്ചു കെടുത്തുമ്പോൾ...........

ഒരു സ്വിച്ചു കെടുത്തുമ്പോൾ
ഒരു പിടി ഊർജ്ജം കരുതുന്നു
പല സ്വിച്ച്  കെടുത്തുമ്പോൾ
ഊർജ്ജക്കടലാകുന്നു.

ഒരു സ്വിച്ചു കെടുത്തുമ്പോൾ
ഒരുതിരി വെട്ടം കരുതുന്നു
പല സ്വിച്ച്  കെടുത്തുമ്പോൾ
ഭാവിയിരുട്ടകലുന്നു.

ഒരു സ്വിച്ചു കെടുത്തുമ്പോൾ
ഇത്തിരി ലാഭം നമ്മൾക്ക്
പല സ്വിച്ച്  കെടുത്തുമ്പോൾ
ഒത്തിരി നേട്ടം നാടിന് !

വനമില്ലെങ്കിൽ മഴയില്ല
മഴയില്ലെങ്കിൽ പുഴയില്ല
പുഴയില്ലെങ്കിൽ നീരില്ല
നീര ില്ലെങ്കിൽ കറന്റില്ല

